കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപനങ്ങൾ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന് നൽകേണ്ട ഫീസ് - ഒഴിവാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(അച്ചടി) നം. 124/2012/ത.സ്വ.ഭ.വ. തീയതി തിരുവനന്തപുരം: 10.05.2012.

---

പരാമർശം:- 1) മൂന്നാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ നമ്പർ 14.31.

2) സർക്കാർ ഉത്തരവ് (എം.എസ്) 06/11/ത.സ്വ.ഭ.വ. തീയതി: 07.01.2011. ഉത്തരവ് പ്രകാരം ക്രമീകരിക്കപ്പെട്ടിട്ടുള്ള ഹൈപവർ കമ്മിറ്റിയുടെ 29.08.2011-ലെ തീരുമാനം.

3) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 20.03.2012-ലെ തീരുമാനം. 3.36.

**ഉത്തരവ്**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് നടത്തുന്ന ആഡിറ്റിന്മേൽ ലോക്കൽ ഫണ്ട് ആഡിറ്റ് ആക്ട്, 1994, സെക്ഷൻ 19 പ്രകാരം സർക്കാരിന്റെ അംഗീകാരത്തിന് വിധേയമായി ആഡിറ്റ് ഫീസ് നൽകുവാൻ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം ബാദ്ധ്യസ്ഥമാണ്.

ഇങ്ങനെ ഡെബ്റ്റ് ശീർഷകത്തിൽ വരുന്നതും സർക്കാരിൽ നിന്നോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ കടം വാങ്ങുന്നതുമൊഴിച്ചുള്ള വാർഷിക വരുമാനത്തിന്റെ നിശ്ചിത ശതമാന നിരക്കിൽ നൽകേണ്ട ആഡിറ്റ് ഫീസ് ആവശ്യമായ ഫണ്ട് ലഭ്യമല്ലാത്തതുൾപ്പടെയുള്ള ഒട്ടേറെ കാരണങ്ങളാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൃത്യമായി ഒടുക്കുവാൻ കഴിഞ്ഞിട്ടില്ല. കുടിശ്ശിക വർധിച്ചുവരുകയും ചെയ്യുന്നു. എന്നാൽ സംസ്ഥാന സഞ്ചിത നിധിയിലേക്കും സഞ്ചിതനിധിയിൽ നിന്നുമുള്ള ഫണ്ടിന്റെ ആഡിറ്റ് ചെയ്യുന്നതിന് കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യക്ക് ആഡിറ്റ് ഫീസ് ബന്ധപ്പെട്ട സ്ഥാപനങ്ങൾ / വകുപ്പുകൾ (സ്വകാര്യ സ്ഥാപനങ്ങൾ ഉൾപ്പെടെ) നൽകേണ്ടതില്ല.

കൂടാതെ മൂന്നാം സംസ്ഥാന ധനകാര്യ കമ്മീഷൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലോക്കൽ ഫണ്ട് ആഡിറ്റ് ഫീസ് നൽകുന്നത് ഒഴിവാക്കാൻ ശുപാർശ ചെയ്തിരുന്നു.

സർക്കാർ മേൽക്കാര്യങ്ങൾ വിശദമായി പരിശോധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ആഡിറ്റ് ഫീസ് നൽകുന്നതിൽ നിന്നും ഒഴിവാക്കിക്കൊണ്ട് ഉത്തരവാകുന്നു. ഇതനുസരിച്ച് ഈ ഇനത്തിൽ ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ട്മെന്റിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വരുത്തിയിട്ടുള്ള കുടിശ്ശികയും നൽകേണ്ടതില്ലെന്ന് വ്യക്തമാക്കുന്നു.

ഇതിനാവശ്യമായ നിയമചട്ട ഭേദഗതികൾ ബന്ധപ്പെട്ട വകുപ്പുകൾ കൈക്കൊള്ളുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ജെയിംസ് വർഗ്ഗീസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് / സെക്രട്ടറിമാർക്കും.
എല്ലാ മുനിസിപ്പൽ കോർപ്പറഷൻ മേയർമാർക്കും / സെക്രട്ടറിമാർക്കും.
എല്ലാ നഗരസഭാ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും. (പകർപ്പ് നഗരകാര്യ ഡയറക്ടർ നൽകേണ്ടതാണ്).
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും. (പകർപ്പ് ഗ്രാമ വികസന കമ്മീഷണർ നൽകേണ്ടതാണ്).
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് / സെക്രട്ടറിമാർക്കും. (പകർപ്പ് പഞ്ചായത്ത് ഡയറക്ടർ നൽകേണ്ടതാണ്)
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (41549/എസ്റ്റാ.ഡി1/2012/ധന. തീയതി: 07.05.2012)
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.
ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം.
കമ്മിഷണർ, ഗ്രാമവികസന വകുപ്പ്, തിരുവനന്തപുരം.
എല്ലാ മെമ്പർ സെക്രട്ടറി (ജില്ലാ കളക്ടർമാർക്കും, ജില്ലാ ആസൂത്രണ സമിതി)മാർക്കും.
അക്കൗണ്ടന്റ് ജനറൽ, (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ് / എ&ഇ), കേരള, തിരുവനന്തപുരം.
മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം.
ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
എല്ലാ ജില്ലാ ആസൂത്രണ ഓഫീസർമാർക്കും.
സറ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

ജനറൽ സെക്രട്ടറി, കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ.
സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ.
സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ.
സെക്രട്ടറി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ.
മെമ്പർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർപേഴ്സൺ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
ഓഫീസ് കോപ്പി / കരുതൽ കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.